എൻ.എച്ച്.എ.ഐ. യുടെ കണക്കനുസരിച്ച് 10612.344 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്ത ത്തോടെ ബി.ഒ.ടി. വ്യവസ്ഥയിലാണ് നടപ്പിലാക്കുന്നത്.

ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാതയുടെ നിർമ്മാണം

139 (2239) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാതയുടെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നാലുവരിപ്പാതയ്ക്കാവശ്യമായതും നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ച അലൈൻമെന്റ് പ്രകാരവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുണ്ടായ തദ്ദേശവാസികളുടെ തർക്കങ്ങളും എതിർപ്പുകളുമാണ് നാലുവരിപ്പാതയുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ.

(ബി) സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തിയായാലുടൻ ആരംഭിക്കുന്നതാണ്.

തൃശ്ശൂർ-ചുണ്ടൽ നാലുവരിപ്പാത നിർമ്മാണം

140 (2240) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-ചുണ്ടൽ റോഡ് നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയാണ് ഈ റോഡ് നിർമ്മിക്കാൻ ചെലവ് പ്രതീക്ഷിക്കുന്നത് ;

(സി) വളരെയധികം ഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന ഈ റോഡിന്റെ വർദ്ധിച്ച ഗതാഗത പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗ ത്തിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡിന്റെ 'ടോട്ടൽ സ്റ്റേഷൻ സർവ്വേ' എടുത്തുകഴിഞ്ഞു. മൂന്ന് പാലങ്ങൾ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങളും സർവ്വേ നമ്പരുകളും മറ്റും എടുത്തുകൊണ്ടിരിക്കുന്നു. നിലവിലുള്ള റോഡിൽ വീതികൂട്ടുന്നതിന് സ്ഥലം അക്വയർ ചെയ്യേണ്ട ആവശ്യമില്ലാത്ത ഭാഗങ്ങളിലെ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 62.70 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യത്തിന് വീതിയുള്ള സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പാലങ്ങൾ വീതി കൂട്ടുന്നതിനുള്ള മണ്ണിന്റെ ഘടന പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി സർവ്വേ നമ്പരുകളും സ്ഥലത്തിന്റെ വിശദാംശങ്ങളും എടുത്തു വരികയാണ്.

ഭരണ സാങ്കേതിക അനുമതി ലഭിച്ച റോഡുകൾ

141 (2241) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ഹെവിമെയിന്റനൻസിലുൾപ്പെടുത്തി ഏതൊക്കെ റോഡുകളിൽ എത്ര രൂപ വീതമുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് റോഡുകളുടെ പെയിനേജ് സഹിതം വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ; എന്നാണ് ഇത് ടെണ്ടർ ചെയ്തത് ; ആരാണ് ടെണ്ടർ ഏറ്റെടുത്തിരിക്കുന്നത് എന്ന് ഓരോ റോഡുകളുടെ പേരും എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനത്തിനാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് എന്നതും സഹിതം വ്യക്തമാക്കുമോ ;

(സി) ഈ തുകയുടെ അംഗീകാരത്തിനായി CTE ക്ക് എന്നാണ് ഫയൽ പോയത് ; CTE യുടെ അനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

(ഡി) കോൺട്രാക്ടറെക്കൊണ്ട് എന്നാണ് ഡിപ്പാർട്ടുമെന്റ് എഗ്രിമെന്റ് വയ്പ്പിച്ചിട്ടുള്ളത് ;

(ഇ) ഈ പ്രവൃത്തി ഇനിയും ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഇത് എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly